

# പടിഞ്ഞാറെ ചാലക്കുടി നിത്യസഹായമാത ഇടവക

1960-ൽ പെ. ബഹു. ജോർജ്ജ് അക്കരയച്ചൻ ചാലക്കുടി ഫൊറോന വികാരി ആയിരുന്നപ്പോൾ കോട്ടാറ്റ് ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് മഠത്തിന്റെ ബംഗ്ലാവിൽ താമസിച്ച് ഈ പ്രദേശത്തെ ആദ്ധ്യാത്മിക കാര്യങ്ങൾ നടത്തിയിരുന്നത് അസിസ്റ്റന്റ് വികാരി റവ. ഫാ. ജോസ് വേഴപ്പറമ്പിൽ ആയിരുന്നു. 1960-ൽ ആണ് ഇടവക ദേവാലയത്തിനുവേണ്ട ശ്രമം ആരംഭിച്ചത്. പിന്നീട് 1962 ജൂലൈ 29-ന് കോട്ടാറ്റ് സെന്റ് ആന്റണീസ് കോൺവെന്റ് സ്ക്കൂളിൽവച്ച് ബഹു. അച്ചന്റെ അദ്ധ്യക്ഷതയിൽ ഈ പ്രദേശത്തുള്ളവർ പൊതുയോഗം കൂടുകയും ആ യോഗം പള്ളി പണിയുവാനുള്ള തീരുമാനമെടുക്കുകയും ചെയ്തു. 1962 ഒക്ടോബർ 21-ന് മലയാംപറമ്പ് സ്ക്കൂളിൽവച്ച് നടത്തിയ യോഗത്തിൽ പുതിയ പള്ളിയ്ക്ക് നിത്യസഹായമാതാവിന്റെ പള്ളിയെന്ന് പേരിടാൻ നിശ്ചയിച്ചു. 1963 മാർച്ച് 30-ന് അന്നത്തെ തൃശ്ശൂർ ബിഷപ്പ് മാർ ജോർജ്ജ് ആലപ്പാട്ട് തിരുമേനി തറക്കല്ലിട്ടു.

മാതൃദേവാലയത്തിൽ നിന്ന് 10,000 രൂപയുടെ ഭൂസ്വത്ത് നീക്കിവച്ചെങ്കിലും കാര്യമായി ഒന്നും അതിലൂടെ സമാഹരിക്കാനൊത്തില്ല. അങ്ങനെ ഈ ഇടവകക്കാരുടെ സ്വന്തമായ അദ്ധ്വാനഫലമായി ഒരു ദേവാലയം 1966-ൽ പണിതീർത്തു. ആദ്യ വികാരിയായ റവ. ഫാ. ജോസഫ് മുണ്ടശ്ശേരിയുടെ നേതൃത്വത്തിൽ പാലമറ്റത്ത് കുറ്റിയിൽ ഇട്ടൂപ്പ് കൊച്ചുവറീയ്ത്, കണിച്ചിക്കാട്ടിൽ ലോനപ്പൻ വാറു, അമ്പൂക്കൻ കുഞ്ഞാവര പൗലോസ്, വാഴപ്പിള്ളി കുഞ്ഞിവാറു സെബാസ്റ്റ്യൻ എന്നിവരായിരുന്നു ആദ്യകാലത്തെ കൈക്കാരന്മാർ.

432 വീട്ടുകാരുമായി ഫൊറോന പള്ളിയിൽ നിന്ന് തിരിഞ്ഞ ഈ ഇടവകയുടെ പുരോഗതി ത്വരിതപ്പെട്ടു. 27.11.1968-ൽ സിമിത്തേരി വെഞ്ചിരിച്ചു. അന്നുതന്നെ രണ്ട് കുട്ടികളുടെ ശവസംസ്കാരം നടന്നു. ആധുനിക കലാവിരുതോടെ ഒരു മുഖവാരി 1970- ൽ പൂർത്തിയാക്കി. വിവിധ സംഘടനകൾ യഥാകാലം രൂപംകൊണ്ട് സജീവമായി.

## വൈദികമന്ദിരം, നവീകരണങ്ങൾ

റവ. ഫാ. റോക്കി വാഴപ്പിള്ളിയുടെ നേതൃത്വത്തിലാണ് നിലവിലുള്ള വൈദികമന്ദിരം പണിതീർത്തത്. റവ. ഫാ. ജോയ് പുത്തൻവീട്ടിലിന്റെ പ്രവർത്തനകാലത്ത് പുതിയ അൾത്താരയും സിമിത്തേരിയിലെ കല്ലറകളും പണികഴിപ്പിച്ചു. റവ. ഫാ. ഡേവിസ് അമ്പൂക്കന്റെ നേതൃത്വത്തിൽ പള്ളിയുടെ രണ്ടുഭാഗം ഓടുമാറ്റി കോൺക്രീറ്റ് ചെയ്യുകയും പള്ളി മൊസേക്ക് ചെയ്യുകയും ചെയ്തു. റവ. ഫാ.



വൈദിക മന്ദിരം

ജോബ് ചിറ്റിലപ്പിള്ളിയുടെ കാലത്താണ് മനോഹരമായ സ്റ്റേജ് പണിതത്. റവ. ഫാ. തോമസ് മേനാച്ചേരിയുടെ നേതൃത്വത്തിൽ പള്ളിയുടെ പിന്നിൽ പാരിഷ്ഹാൾ പണിയുന്നതിനും കോട്ടാറ്റിൽ ഒരു ഇടവക ദേവാലയം പണിയുന്നതിനും തീരുമാനമെടുത്തു. പടിഞ്ഞാറെ ചാലക്കുടിയിലെ പുതിയ ഇടവക കാര്യാലയത്തിന് ബഹു. ജോസ് പന്തല്ലൂക്കാരനച്ചന്റെ നേതൃത്വത്തിൽ 3.7.2008-ൽ തറക്കല്ലിട്ടു; പണികൾ പൂർത്തിയായ വൈദിക മന്ദിരം 2009 ഒക്ടോബർ 17-ന് അഭിവന്ദ്യ പിതാവ് വെഞ്ചിരിച്ചു.

## പാരിഷ്ഹാൾ

റവ. ഫാ. ജോണി മേനാച്ചേരിയുടെ കാലത്ത് പാരിഷ്ഹാളിന്റെ നിർമ്മാണം ഏകദേശം പൂർത്തിയാക്കി പ്രവർത്തിച്ചുതുടങ്ങി. തത്സമയം കോട്ടാറ്റ് പള്ളിയുടെ പണികൾ പുരോഗമിച്ചു. 1998-ൽ പാരിഷ് ബുള്ളറ്റിൻ 'ആത്മജ്യോതി' എന്ന പേരിൽ തുടങ്ങി. 1999-ൽ ഫാ. ജോസ് മാള്യേക്കൽ വികാരിയായി. തുടർന്ന് കോട്ടാറ്റ് പള്ളി പണിയിച്ച് ഇടവക സ്ഥാപിച്ചു. 2002-ൽ പുളിയാനിപറമ്പിൽ മനോഹരമായ ഒരു കപ്പേള പടുത്തുയർത്തി. 2004-ൽ നവീകരിച്ച അൾത്താരയുടെ പുനഃപ്രതിഷ്ഠ നടത്തി. റവ. ഫാ. സെബാസ്റ്റ്യൻ ഈഴേക്കാടന്റെ കാലത്ത് 2005-ൽ സിമിത്തേരിയിൽ



പാരിഷ് ഹാൾ



മാതാവിന്റെ ഗ്രോട്ടോ

ആധുനിക രീതിയിലുള്ള കപ്പേളയും കല്ലറകളും പണികഴിപ്പിച്ചു. ആ വർഷം തന്നെ പള്ളിയുടെ മേൽക്കൂര സീലിങ്ങ് ചെയ്യുകയും സങ്കീർത്തി ടൈൽസ് ഇടുകയും ചെയ്തു. 2006-ൽ പള്ളി പരിസരം 28,000 Sq.Ft. ടൈൽസിട്ട് വൃത്തിയാക്കി. 8.10.2007-ൽ ഗ്രോട്ടോ പണി തീർത്ത് വെഞ്ചിരിച്ചു. 2008 മുതൽ റവ. ഫാ. ജോസ് പന്തല്ലൂക്കാരനാണ് വികാരി.

## തിരുനാളുകൾ

ദേവാലയത്തിലെ പ്രധാന മൂന്ന് തിരുനാളുകൾ: ജനുവരി അവസാനത്തെ ഞായറാഴ്ച വി. സെബസ്ത്യാനോസിന്റെ തിരുനാൾ; മാർച്ച് 19-ന് വി. യൗസേപ്പിതാവിന്റെ ഊട്ടുതിരുനാൾ. മെയ് 10 ഞായറാഴ്ചയാണെങ്കിൽ അന്ന് അല്ലെങ്കിൽ അത് കഴിഞ്ഞു വരുന്ന ഞായർ ഇടവക മദ്ധ്യസ്ഥയായ നിത്യസഹായ മാതാവിന്റെ തിരുനാൾ.

## എഫ്.സി.സി. മിഷൻ ഹൗസ്

1990-ൽ ബഹു. ഡേവിസ് അമ്പൂക്കൻ അച്ചൻ വികാരിയായിരുന്ന കാലത്താണ് ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സമൂഹത്തിന്റെ ഡൽഹി മിഷൻ റീജിയനുവേണ്ടി പടി. ചാലക്കുടി പള്ളിയ്ക്ക് സമീപത്ത് ഉള്ളാട്ടിക്കുളം വീട്ടുകാരുടെ ഒരു വീട് ഉൾപ്പെടെയുള്ള സ്ഥലം വാങ്ങിയത്. അവിടെ ബഹു. സിസ്റ്റേഴ്സിന്റെ വാസത്തിനായി സെന്റ് പോൾസ് ഭവനം 1990 ജനുവരി 25-ന് അഭിവന്ദ്യപിതാവ് വെഞ്ചിരിച്ചു. അതിനോടുചേർന്ന് പിന്നീട് പണിതീർത്ത ചാപ്പലും



FCC സെന്റ് പോൾസ് മിഷൻ ഹൗസ്

മറ്റും 1992 ഫെബ്രുവരി 7-ന് ആശീർവദിച്ചു. ഈ മിഷൻ ഹൗസ് അർത്ഥിനികളുടെ റിക്രൂട്ട്മെന്റ് ഭവനമായും ഉപയോഗിക്കുന്നു. ഇടവകയുടെ പ്രവർത്തനങ്ങളിൽ ബഹു. സിസ്റ്റേഴ്സ് യഥോചിതം സഹകരിക്കുന്നു.

## കാർമ്മൽ പബ്ലിക് സ്കൂൾ

ചാലക്കുടി കാർമ്മൽ ഭവനിലെ സി.എം.ഐ. വൈദികരുടെ നേതൃത്വത്തിൽ 2001-ൽ ഈ ഇടവക യുടെ പരിധിയിൽ സ്ഥാപിതമായതാണ് കാർമ്മൽ പബ്ലിക് സ്കൂൾ. കുട്ടികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് ഈ സ്ഥാപനം തനതായ പങ്ക് വഹിക്കുന്നു.



കാർമ്മൽ പബ്ലിക് സ്കൂൾ


പഴയ പള്ളിയുടെ മദ്ബഹ


വി. യൂദാശ്ലീഹായുടെ കപ്പേള, പുളിയിനപറമ്പ്